**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2323** **14-10-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നത് തടയാൻ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ; | (എ) | കെട്ടിട നിർമ്മാണ ചട്ടലംഘനം നടത്തിയുള്ള നിർമ്മാണം / അനധികൃത നിർമ്മാണം തടയുന്നതിന് താഴെപ്പറയുന്ന പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1) അനധികൃത നിർമ്മാണങ്ങൾ കൂടുതൽ നടക്കുന്നത് തുടർച്ചയായ അവധി ദിവസങ്ങളിൽ ആയതിനാൽ അവധി ദിവസങ്ങളിൽ നടത്തുന്ന അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി ഉടനടി നടപടി സ്വീകരിക്കുന്നതിന് 27.08.2009-ലെ സ. ഉ.(ആർ.റ്റി) നം.2229/2009/തസ്വഭവ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.<br><br>2) 31.08.2017-ലെ 1725325/ആർഎ2/2017/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അവധി ദിവസങ്ങളിൽ അനധികൃത കെട്ടിടനിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്<br><br>3) 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 105 പ്രകാരം കെട്ടിട നിർമ്മാണങ്ങളും ഭൂവികസനവുമായി ബന്ധപ്പെട്ട് വിജിലൻസ് ചുമതലകൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിലൂടെ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ തലവനായി ഒരു സംസ്ഥാനതല വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണ പെർമിറ്റോ എൻ. ഒ .സി. യോ എടുക്കാതെ കെട്ടിടങ്ങൾ പണിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കുന്ന നടപടികളും കുറ്റം | (ബി) | കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ വകുപ്പ് 406, കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ വകുപ്പ് 235ഡബ്ല്യു എന്നിവ പ്രകാരം, നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ |

| | | | |
|---|---|---|---|
| | തെളിയിക്കപ്പെട്ടാൽ നല്കുന്ന ശിക്ഷകളും അറിയിക്കാമോ; | | ആയ കെട്ടിടത്തിന്റെ നിർമ്മാണം പൊളിച്ചുകളയുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതിന് സെക്രട്ടറിക്ക് ഉത്തരവ് നൽകാവുന്നതാണ്.അനധികൃത നിർമ്മാണമെന്ന് സർക്കാരിന് ബോധ്യമാകുന്ന പക്ഷം ടി നിർമ്മാണം പൊളിച്ചുകളയുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതും ആ നിർദ്ദേശം സമയപരിധിക്കുള്ളിൽ നടപ്പാക്കാതിരുന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെലവിൽ പൊളിച്ചു മാറ്റാൻ സർക്കാരിന് ഏർപ്പാടുകൾ ചെയ്യാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്<br><br>അനുവാദമില്ലാതെയും പഞ്ചായത്ത് / മുനിസിപ്പാലിറ്റി തീരുമാനത്തിനെതിരായും ഉള്ള കെടിട നിർമ്മാണം നിർത്തി വെക്കാൻ സെക്രട്ടറിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, ഉത്തരവ് അനുസരിക്കാത്ത പക്ഷം അങ്ങനെയുള്ള ആളെയും സഹായികളെയും നീക്കം ചെയ്യുന്നതിന് സെക്രട്ടറിക്ക് പോലീസ് ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാവുന്നതും ആ പോലീസ് ഉദ്യോഗസ്ഥൻ അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 235 എക്സ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 408 നഎന്നിവയിൽ വ്യവസ്ഥ ചെയ്യുന്നു. |
| (സി) | പഞ്ചായത്ത്, പൊതുമരാമത്ത്, ദേശീയപാത റോഡുകളുടെ അരികിലുള്ള ഭൂമികളിൽ കെട്ടിടം നിർമ്മിക്കുന്നതിന് വസ്തുവിന്റെ അതിരിൽ നിന്ന് കെട്ടിടത്തിൻറെ മുൻഭാഗത്ത് ഒഴിച്ചിടേണ്ട ദൂരം എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ; | (സി) | 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 23 പ്രകാരം ദേശീയപാതകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ, പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റു റോഡുകൾ, 6 മീറ്ററോ അതിലധികമോ വീതിയുള്ളതും വിജ്ഞാപനം ചെയ്യാത്തതുമായ മറ്റു റോഡുകൾ എന്നിവയുമായി ചേർന്ന് വരുന്ന പ്ലോട്ടതിരിൽ നിന്നും മൂന്നു മീറ്ററിനുള്ളിൽ ചുറ്റുമതിൽ, വേലി, പുറത്തുള്ള പ്രദർശന എടുപ്പുകൾ എന്നിവയൊഴികെ യാതൊരു വിധത്തിലുമുള്ള കെട്ടിടങ്ങളും നിർമ്മിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നു.<br><br>6 മീറ്ററിൽ താഴെ വീതിയുള്ളതും വിജ്ഞാപനം ചെയ്യാത്തതുമായ മറ്റു റോഡുകളിൽ പ്ലോട്ടതിരും കെട്ടിടവും തമ്മിലുള്ള അകലം 2 മീറ്റർ മതിയാകുന്നതാണ്.<br><br>റോഡിന്റെ വീതി എത്ര തന്നെയായിരുന്നാലും 250 മീറ്ററിനു താഴെ നീളമുള്ളതും ഒരറ്റം അടഞ്ഞതുമായ വഴിയോ അല്ലെങ്കിൽ ശരാശരി 3 മീറ്റർ വരെ വീതിയുള്ള തെരുവുകളും കാൽനടവഴികളും, അല്ലെങ്കിൽ ഏതെങ്കിലും റസിഡൻഷ്യൽ കോളനികൾക്ക് ഉള്ളിലുള്ളതോ അതിലേക്ക് പോകുന്ന എത്ര തന്നെ വീതിയുള്ളതോ ആയ ആന്തരിക |

| | | | |
|---|---|---|---|
| | | | റോഡുകളുടെയോ സംഗതിയിൽ 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം തെരുവോട്ടു ചേർന്നുള്ള പ്ലോട്ടതിരും കെട്ടിടവും തമ്മിലുള്ള അകലം 2 മീറ്റർ മതിയാകുന്നതാണ്.<br><br>75 മീറ്ററിന് താഴെ നീളമുള്ളതും ഒന്നോ അതിലധികമോ വ്യക്തിഗത പ്ലോട്ടുകളിലേക്ക് നയിക്കുന്നതുമായ വഴികളുടെ സംഗതികളിൽ വഴിയോട്ടു ചേർന്നുള്ള പ്ലോട്ടതിരും കെട്ടിടവും തമ്മിൽ 1.5 മീറ്റർ അകലം മതിയാകുന്നതാണ്. |
| (ഡി) | വർഷങ്ങൾക്ക് മുമ്പ് പണിത വീടുകൾ പുതുക്കി പണിയുമ്പോൾ പെർമിറ്റ് എടുക്കാതെ ഇത്തരം സെറ്റ്ബാക്ക് പരിധി ലംഘിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാമോ; | (ഡി) | വർഷങ്ങൾക്കു മുമ്പ് പണിത വീടുകൾ കെട്ടിട നിർമ്മാണ പെർമിറ്റ് നേടിയോ അല്ലാതെയോ പുതുക്കി പണിയുമ്പോൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്/കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 2019-ലെ കേരള പഞ്ചായത്ത് / മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടാണ് പണിതിട്ടുള്ളതെങ്കിൽ അതത് സംഗതിപോലെ പ്രസ്തുത ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | സംസ്ഥാനത്തെ ഏതൊരു നിർമ്മിതിക്കും അതത് തദ്ദേശ സ്ഥാപനങ്ങൾ നല്കുന്ന പെർമിറ്റ് വിവരങ്ങൾ ബോർഡ് രൂപത്തിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കാമോ; അത്തരം ബോർഡുകൾ സ്ഥാപിക്കാതെ നടത്തുന്ന നിർമ്മിതികൾ സംബന്ധിച്ച് പരാതി സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ സംവിധാനമൊരുക്കാമോ? | (ഇ) | 2019-ലെ കേരള പഞ്ചായത്ത് / മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളുടെ ചട്ടം 82 പ്രകാരം ഹൈറൈസ് ബിൽഡിംഗുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് വിവരങ്ങൾ ബോർഡ് രൂപത്തിൽ പ്രദർശിപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>03/03/2014-ലെ 01/ആർ.എ1/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 300 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള വാസഗൃഹങ്ങളുടെയും, 300 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള വാസേതര കെട്ടിടങ്ങളുടെയും കാര്യത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് വിവരങ്ങൾ ബോർഡ് രൂപത്തിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ